പതിനാലാം കേരള നിയമസഭ
രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 5154** | **28.10.2016 ൽ മറുപടിക്ക്**

**റോഡ് സുരക്ഷാ അതോറിറ്റി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.സി.ജോസഫ്<br>,, കെ.മുരളീധരൻ<br>,, ഷാഫി പറമ്പിൽ<br>,, റോജി എം. ജോൺ | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് റോഡ് സുരക്ഷാ അതോറിറ്റി പ്രവർത്തിച്ച് വരുന്നുണ്ടോ; വിശദീകരിക്കമോ; | (എ) ഉണ്ട്. 2007 ഏപ്രിൽ 13-ലെ വിജ്ഞാപനം നമ്പർ.2622/ലെഗ്.യൂണി 2/07/നിയമം പ്രകാരവും 19/04/2007-ലെ GO (P) No.20/07/Tran ഉത്തരവ് പ്രകാരവുമാണ് കേരള റോഡ് സുരക്ഷാ അതോറിറ്റി നിലവിൽ വന്നിട്ടുള്ളത്. |
| (ബി) റോഡപകടങ്ങൾ കുറയ്ക്കാനും റോഡ് സുരക്ഷ ഉറപ്പാക്കാനും എന്തെല്ലാം പ്രവർത്തനങ്ങളാണ് നടപ്പാക്കി വരുന്നത്; വിവരിക്കാമോ; | (ബി) റോഡപകടങ്ങൾ കുറയ്ക്കുന്നതിന് ദീർഘകാലടിസ്ഥാനത്തിലും ഹ്രസ്വകാലാടിസ്ഥാനത്തിലും അതോറിറ്റിയിലെ അനുബന്ധസ്ഥാപനങ്ങൾ വഴി നടത്തിയിട്ടുള്ളതും നടത്തിവരുന്നതുമായ വിവിധ പദ്ധതികളെ സംബന്ധിച്ചുള്ള വിവരം ചേർക്കുന്നു.<br>ദൃശ്യ-ശ്രാവ്യ അച്ചടി മാധ്യമങ്ങളുടെ സാധ്യത ഉപയോഗിച്ച് റോഡ് സുരക്ഷയെ പറ്റി പൊതുജനങ്ങളെ ബോധവൽക്കരണം നടത്തി അച്ചടക്കമുള്ള ഒരു ട്രാഫിക് സംസ്കാരം രൂപപ്പെടുത്തുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.<br>ടിപ്പർലോറി/ചര ക്കുവാഹനം എന്നിവയുടെ ഡ്രൈവർ മാർക്ക് നാറ്റ്പാക്ക്, മോട്ടോർ വാഹന വകുപ്പ് എന്നിവ വഴി റോഡുസുരക്ഷ പരിശീലനം നൽകുന്നതിനായി സാമ്പത്തിക സഹായം നല്കിയിട്ടുണ്ട്. റോഡ് സുരക്ഷാ ബോധവൽക്കരണം വ്യാപകമാക്കു ന്നതിന്റെ ഭാഗമായി കേരളത്തിലെ സാധ്യമാകുന്ന എല്ലാ സിനിമാതീയേറ്ററുകളിലൂടെയും റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട ഹ്രസ്വ ചിത്രങ്ങൾ സംപ്രേക്ഷണം ചെയ്യുന്നതിനായി പോലീസ് (ട്രാഫിക്ക്) വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ആയത് തീയേറ്ററുകളിൽ പ്രദർശിപ്പിച്ചുവരുന്നു.<br>രാത്രികാല എയർപോട്ട് യാത്ര അപകടങ്ങൾ നിയന്ത്രിക്കുന്നതിന്റെ ഭാഗമായി, രാത്രികാല സവാരിനടത്തുന്ന ഡ്രൈവർമാരെയും, യാത്രക്കാരെയും ബോധവൽക്കരിക്കുന്നതിനായി കേരള റോഡ് സുരക്ഷാ അതോറിറ്റിയുടെ നേതൃത്വത്തിൽ അച്ചടിച്ച ലീഫ് ലെറ്റുകൾ കേരളത്തിലെ മൂന്നു അന്താരാഷ്ട്ര വിമാനത്താവളങ്ങളുടെ പരിധിയിൽ വരുന്ന റീജിണൽ ട്രാൻസ്പോർട്ട് ഓഫീസർമാരുടെ നേരിട്ടുള്ള നിയന്ത്രണത്തിൽ രാത്രികാലങ്ങളിൽ വിതരണം ചെയ്തു വരുന്നു.<br>വാഹന ഡ്രൈവർമാരെ ബോധവൽക്കരിക്കുന്നതിന്റെ ഭാഗമായി അതോറിറ്റിയുടെ നേതൃത്വത്തിൽ അച്ചടിച്ച <u>'റോഡ് റെഗുലേഷൻസ് '</u> എന്ന ലീഫ് ലെറ്റുകൾ റിജിണൽ ട്രാൻസ്പോർട്ട് ഓഫീസർ മുഖേന എല്ലാ ജില്ലകളിലും വിതരണം ചെയ്തു വരുന്നു. |

നാറ്റ്പാക്ക് തയ്യാറാക്കിയ **<u>'സ്കൂളിലേക്ക് ഒരു സുരക്ഷിത പാത'</u>** എന്ന പുസ്തകത്തിന്റെയും, **'അധ്യാപക പഠന സഹായി'** എന്ന പുസ്തകത്തിന്റെയും ഇംഗ്ലീഷ്, മലയാളം വാല്യങ്ങളുടെ കോപ്പികൾ അച്ചടിച്ച് സ്കൂൾ വിദ്യാർത്ഥികളെ ബോധവൽക്കരിക്കുന്നതിന്റെ ഭാഗമായി പ്രസ്തുത പുസ്തകങ്ങൾ റിജിണൽ ട്രാൻസ്പോർട്ട് ഓഫീസർമാർ മുഖേന കേരളത്തിലെ സ്കൂളുകളിൽ വിതരണം ചെയ്തിട്ടുണ്ട്

സ്കൂൾ വിദ്യാർത്ഥികൾക്ക് റോഡ് സുരക്ഷാ ബോധ വൽകരണം നൽകുന്നതിന്റെ ഭാഗമായി നാറ്റ്പാക്ക് തയ്യാറാക്കിയ അഞ്ച് റോഡ് സുരക്ഷാ ഹ്രസ്വ ചിത്രങ്ങൾ കേരളത്തിലെ സ്കൂളുകളിൽ പ്രദർശിപ്പിക്കുന്നതിനു ള്ള നപടികൾ പുരോഗമിച്ചുവരുന്നു.

റോഡ് സുരക്ഷയെ സംബന്ധിച്ച് വിദ്യാർത്ഥികളിൽ അവബോധമുണ്ടാക്കുവാനും റോഡ് സുരക്ഷാ പ്രവർത്തനങ്ങളിൽ വിദ്യാർത്ഥികളെ പങ്കാളികളാ ക്കുവാനും കേരളത്തിലെ ചില സ്കൂൾ കോളേജുകളിൽ റോഡ് സുരക്ഷാ ക്ലബ്ബുകൾ രൂപികരിച്ചിട്ടുണ്ട് പ്രസ്തുത ക്ലബ്ബുകൾ കേരളത്തിലെ എല്ലാ സ്കൂൾ-കോളേജുകളിലും തുടങ്ങുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു

**<u>റോഡ് സുരക്ഷാ എൻഫോഴ്സ്മെന്റ്</u>**

. ബോധവൽക്കരണ പരിപാടികൾ കൂടാതെ പോലീസ്, മോട്ടോർ വാഹന വകുപ്പുകൾ നിരന്തരമായി വാഹന പരിശോധന നടത്തുന്നുണ്ട് ട്രാഫിക് നിയമം തെറ്റിക്കൽ, മദ്യപിച്ച് വാഹനം ഓടിക്കൽ, അമിത വേഗത മുതലായവ ക ണ്ടെത്തി കുറ്റക്കാരെ ശിക്ഷിക്കുവാൻ വേണ്ട നടപടികൾ സ്വീകരിച്ച് വരുന്നു. ഇതിനായി പോലീസ് - മോട്ടോർ വാഹന വകുപ്പുകൾക്ക് റോഡ് സുരക്ഷാ ഫണ്ട് ഉപയോഗിച്ച് നിരീക്ഷണ ക്യാമറകൾ, ആൽക്കോമീറ്ററുകൾ, ഇന്റെർസെപ്റ്റർ വാഹനങ്ങൾ മുതലായവ വാങ്ങിയിട്ടുണ്ട് കൂടാതെ അപകട സാദ്ധ്യത കൂടുതലുള്ള ബ്ലാക്ക്സ്പോട്ടുകൾ ക ണ്ടെത്തുകയും അത് പരിഹരിക്കുവാനുള്ള നടപടികൾ പൊതുമരാമത്ത് വകുപ്പ് വഴി സ്വീകരിച്ചിട്ടുമു ണ്ട് പുതിയ ബ്ലാക്ക്സ്പോട്ടുകൾ ക ണ്ടെത്തുന്നതിന് പോലീസ്, മോട്ടോർ വാഹന വകുപ്പ്, പൊതുമരാമത്ത് വകുപ്പ് എന്നിവരെ ചുമതലപ്പെടുത്തി യിട്ടു ണ്ട് ജില്ലാത ലത്തിൽ റോഡ് സുരക്ഷാ കാര്യക്ഷമമാക്കുന്നതിനുവേണ്ടി എല്ലാ ജില്ലകളിലേയും ജില്ലാ റോഡ് സുരക്ഷാ കൗൺസിലുകൾക്ക് തുക നൽകി വരുന്നു. അപകടകാരണങ്ങൾ പരിശോധിച്ച്, ആയവ ഭാവിയിൽ ആവർത്തിക്കാതിരിക്കുന്നതിന് ആവശ്യ മായ നടപടികൾ സ്വീകരിക്കുന്നതിന് ജില്ലാതലത്തിലും സംസ്ഥാനതലത്തിലും ആക്സിഡന്റ് റിവ്യൂ കമ്മറ്റികൾ രൂപികരിച്ചിട്ടു ണ്ട് സ്കൂളുകൾക്കു സമീപം ഉണ്ടാകുന്ന അപകടങ്ങൾ ലഘൂകരിക്കുവാൻ പൊതുമരാമത്ത് വകുപ്പ് മുഖാന്തിരം സ്കൂൾ സേഫ്സോൺ നിർമ്മിക്കുവാനുള്ള നടപ ടികൾ കൈക്കൊണ്ടിട്ടു ണ്ട് പോലീസ് വകുപ്പു വഴി പോലീസ് ഉദ്യോഗസ്ഥർക്ക് ട്രാഫിക്ക് ട്രെയിനിംഗ് നൽക u വാനും രണ്ട് ഡിജിറ്റലൈസ്ഡ് ട്രാഫിക്ക് എഡ്യൂ ക്കേഷൻ വാഹനങ്ങൾ തയ്യാറാക്കുവാനും നടപടി സ്വീക രിച്ചിട്ടുണ്ട് കൂടാതെ എല്ലാ ജില്ലകളിലും ട്രാഫിക്ക്

ട്രെയിനിംഗ് പാർക്ക് നിർമ്മിക്കുവാനും ഹൈവേയിലേക്ക് ചെറിയ വഴികൾ പ്രവേശിക്കുന്ന സ്ഥലത്ത് **"നിൽക്കു, നോക്കു, നീങ്ങു"** എന്ന സൈൻബോർഡ് സ്ഥാപിക്കുവാനും, ആരോഗ്യ വകുപ്പു വഴി ട്രോമോകെയർ യുണിറ്റുകൾ ശക്തി പ്പെടുത്തുവാനും, പൊതുമരാമത്ത് വകുപ്പ് വഴി ക്രാഷ് ബാരിയറുകൾ നിർമ്മിക്കുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടു ണ്ട് - ട്രോമോകെയർ യുണിറ്റുകൾ താലൂക്ക് തലങ്ങളിൽ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരോഗ്യ വകുപ്പ് കൈകൊണ്ടു വരുന്നു. പോലീസ് വകുപ്പിന് ശുഭയാത്ര എന്ന ട്രാഫിക് ബോധവൽക്കരണ പരിപാടി നടത്തുന്നതിന് അതോരിറ്റിയിൽ നിന്ന് ഫണ്ട് നൽ കിയിട്ടുണ്ട്

(സി) റോഡ് സുരക്ഷയ്ക്ക് ആവശ്യമായ ഫണ്ട് അനുവദിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്നറിയിക്കാമോ?

(സി) കേരള റോഡ് സുരക്ഷാ അതോറിറ്റിയും, പോലീസ്, മോട്ടോർ വാഹനം, ആരോഗ്യം, വിദ്യാഭ്യാസം, പൊതുമരാമത്ത്, എന്നീ വകുപ്പുകളും നാറ്റ്പാക് കെൽട്രാൺ എന്നീ സ്ഥാപനങ്ങളും, നൽകുന്ന പ്രൊപ്പോസലുകൾ അതോറിറ്റി/ എക്സിക്യൂട്ടീവ് യോഗങ്ങളുടെ അംഗീകാരത്തോടെ പദ്ധതി നടത്തിപ്പിനായി കേരള റോഡ് സുരക്ഷാ അതോറിറ്റി ഫണ്ട് നൽകി വരുന്നു.

സെക്ഷൻ ഓഫീസർ